**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1088** **11.02.2016 ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകൾ**

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) ഹയർ സെക്കന്ററി തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലെന്നും പ്രസ്തുത പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതിയും വ്യക്തമാക്കുമോ; | (എ) ഉണ്ട്. 01.02.2015 മുതൽ ആണ് ആരംഭിച്ചത്. ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന്റെ (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും സമ്പർക്ക പഠന ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യോഗ്യരും പരിചയ സമ്പന്നരുമായ അധ്യാപകരെ തെരഞ്ഞെടുത്ത് ജില്ലാ തലങ്ങളിൽ വച്ച് പരിശീലനം നൽകി ഹയർ സെക്കൻഡറി സമ്പർക്ക പഠന ക്ലാസ്സുകൾ ജില്ലാതലത്തിൽ നടത്തി വരികയും ചെയ്യുന്നുണ്ട്.<br>ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18,368 പഠിതാക്കൾ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തി വരുന്നു. |
| (ബി) നിലവിലുള്ള പ്ലസ് ടുവും തുല്യതാ ഹയർ സെക്കന്ററിയും പാസാകുന്നവർക്ക് തുടർ വിദ്യാഭ്യാസം, ഉദ്യോഗം, പ്രൊമോഷൻ, മത്സര പരീക്ഷ തുടങ്ങിയവയിലും തുല്യത ഉറപ്പു വരുത്തിയിട്ടുണ്ടോ; | (ബി) ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് (ഒന്നാം വർഷം) ആരംഭിച്ചിട്ടേയുള്ളു. |
| (സി) കൂടുതൽ പേർക്ക് അവസരം നൽകുന്നതിനായി കൂടുതൽ പഠന കേന്ദ്രങ്ങൾ അനുവദിക്കാൻ തയ്യാറാകുമോ? | (സി) പഠിതാക്കളുടെ എണ്ണം അനുസരിച്ച് അടുത്ത ബാച്ച് മുതൽ കൂടുതൽ പഠന കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ